പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 465      17.05.2017 -ൽ മറുപടിക്ക്.

## എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് റേഷനരി ഏറ്റെടുക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തിനനുവദിച്ച റേഷനരി എഫ്.സി.ഐ ഗോഡൗണുകളിൽ നിന്ന് ഏറ്റെടുക്കാത്ത സ്ഥിതിവിശേഷം എങ്ങിനെ സംജാതമായി എന്ന് വിശദമാക്കുമോ ; | (എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് 2016 നവംബർ മാസം മുതൽ അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളിൽ കോട്ടയം ജില്ലയ്ക്കനുവദിച്ച 2017 ജനുവരി മാസ ക്വാട്ടയിലെ 1298.829095 മെ.ടൺ ഭക്ഷ്യധാന്യങ്ങളാണ് (130 ലോഡ്) വിട്ടെടുക്കുവാനവശേഷിക്കുന്നത്. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് ആരംഭിച്ച 2016 നവംബർ മാസം മുതൽ അട്ടിക്കൂലി സംബന്ധിച്ച തൊഴിൽപ്രശ്നങ്ങൾ മൂലം വിട്ടെടുപ്പിലുണ്ടായ കാലതാമസം ആണ് ഈ അവസ്ഥ സംജാതമാക്കിയത്. കൂടാതെ വാഗൺ പ്ലേസ്മെന്റ് മൂലം 9 ഉം 8 അവധി ദിനങ്ങളും വന്നു ചേർന്നതാണ് വിട്ടെടുപ്പിന് പ്രയാസങ്ങൾ ഉണ്ടായത്. |
| (ബി) യഥാസമയം ഏറ്റെടുത്തില്ലെങ്കിൽ മുൻകാലത്തെപ്പോലെ സമയം നീട്ടി നല്കാനാവില്ലെന്ന് എഫ്.സി.ഐ. സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) അരിയുടെ കാര്യത്തിൽ ഏറ്റവും ലഭ്യതക്കുറവ് നേരിടുന്ന സംസ്ഥാനത്തിന്, ഭാവിയിൽ കൂടുതൽ അരി ആവശ്യപ്പെടാനുള്ള അവസരംപോലും നഷ്ടമാകും എന്നകാര്യം പരിഗണിച്ച് ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുമോ ? | (സി) ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ